പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ റാങ്ക് ലിസ്റ്റ്

60 (1614) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. മുരളി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് സർവ്വന്റിന്റെ എഴുത്തു പരീക്ഷ എല്ലാ ജില്ലയിലും പൂർത്തിയായോ ;

(ബി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ റാങ്ക് ലിസ്റ്റിൽനിന്നും ഏതെല്ലാം തസ്തികയിൽ നിയമനം നടത്താനാണ് ഉദ്ദേശിക്കുന്നത് ; അവ തസ്തക തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഏതെല്ലാം വകുപ്പുകളിലാണ് നിയമനം നടത്തുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് ജില്ലയിൽ ഡ്രൈവർമാരുടെ ഒഴിവുകൾ

61 (1615) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ഡ്രൈവൻമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഈ തസ്തികളിലേക്ക് നിയമനം നടത്തുന്നതിനുവേണ്ട എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പിന്നോക്കവിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്

62 (1616) ശ്രീ. യു. സി. രാമൻ :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളുടെ നിയമനക്കാര്യത്തിൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയ ബാക്ക്ലോഗ് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly